Mangalam (മംഗളം) — MANGALAM MALAYALAM NEWS

**27 December 2023**

# മില്ലറ്റും മീനും പ്രദർശന ഭക്ഷ്യമേളക്ക് നാളെ തുടക്കം

കൊച്ചി: മീനിനൊപ്പം ചെറുധാന്യ രുചിക്കൂട്ടുകൾ പരിചയപ്പെടുത്തുന്ന മില്ലറ്റും മീനും പ്രദർശന ഭക്ഷ്യമേളക്ക് കൊച്ചിയിൽ നാളെ തുടക്കം.

കർണാടകയിലെ ചെറുധാന്യ കർഷകസംഘങ്ങളുടെ വിവിധ ഉത്പന്നങ്ങളും വനിത സ്വയംസഹായക സംഘങ്ങൾ ഒരുക്കുന്ന മില്ലറ്റ്-മീൻ വിഭവങ്ങളുമാണ് മേളയിലെ പ്രധാന ആകർഷണങ്ങൾ. ഹൈദരാബാദിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ്സ് റിസർച്ച് ഡയറക്ടർ ഡോ സി താര സത്യവതി മേള ഉദ്ഘാടനം ചെയ്യും.

എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം സംഘടിപ്പിക്കുന്ന മേള കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലാണ് (സിഎംഎഫ്ആർഐ) നടക്കുന്നത്.